(ബി) ആരോഗ്യ പരിപാലന രംഗത്തെ ദേശീയ പദ്ധതികളും രോഗപ്രതിരോധ പ്രവർത്തനങ്ങളും ഗ്രാമീണതലത്തിലുള്ള ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതാണ്.

(സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ബ്ലോക്കു തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക എന്നതാണ് പ്രധാനമായി സ്വീകരിക്കാറുള്ള മാനദണ്ഡം. ഒരു ബ്ലോക്കിൽ ഒരു സി. എച്ച്. സി എന്നതാണ് സർക്കാർ നയം.

(ഇ) 12-11-1999-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം. എസ്.)454/99/ആ.കു.വ പ്രകാരം ഈ സാമ്പത്തികവർഷം 25 ആരോഗ്യ സ്ഥാപനങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താരശ്ശേരി ആശുപത്രി സാമൂഹ്യരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് കേസ് നിലവിലുള്ളതിനാൽ കേസിന്റെ വിധി ലഭിക്കേണ്ടതുണ്ട്.

## ആലപ്പുഴയിലെ ആശുപത്രികളുടെ ശോച്യാവസ്ഥ

**151 (3341)** ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി എന്നിവയോടനുബന്ധിച്ച് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. നടത്തുന്ന പേവാർഡുകളിൽ കെട്ടിട നിർമ്മാണത്തിനുശേഷം നാളിതുവരെ അറ്റകുറ്റപ്പണികളോ വാർഷിക മെയിന്റനൻസുകളോ നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) ഇവിടങ്ങളിലെ പേവാർഡുകളിലും ജനതാ പേവാർഡിലും പ്രവേശനം ലഭിക്കുന്നതിന് അപേക്ഷകരുടെ ബാഹുല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുറി അനുവദിച്ചശേഷം 24 മണിക്കൂറിനകം സ്വീകരിച്ചില്ലെങ്കിൽ റദ്ദാക്കി അടുത്തയാൾക്ക് പ്രവേശനം കൊടുക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 'എ' ടൈപ്പു മുറികൾക്കു ഉയർന്ന വാടക നിരക്ക് ഈടാക്കുന്നുണ്ട് എങ്കിലും പ്രസ്തുത മുറികളുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) അവശ്യഘട്ടങ്ങളിൽ ഹീറ്റർ വച്ച് വെള്ളം തിളപ്പിക്കുന്നതിന് അനുവദിച്ചിരുന്ന സൗകര്യം ഇപ്പോൾ നിർത്താലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എഫ്) മുറികളിൽ ബെഡ്ഷീറ്റോ തലയിണ ഉറകളോ ഇല്ലാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ജി) 'എ' ടൈപ്പു മുറികളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സൊസൈറ്റി നടത്തുന്ന റിസേർച്ചിനെയും ക്ഷേമ പ്രവർത്തനങ്ങളേയും കുറിച്ച് ഒരു ലഘു വിവരണം നൽകുമോ ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ജനതാ പേവാർഡുകൾ 2,13,288 രൂപ ചെലവുചെയ്തു 1998 ഫെബ്രുവരി മാസത്തിലും കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രി/ജില്ലാ ആശുപത്രിയിലെ ജനതാ വാർഡ് 1,22,423 രൂപ ചെലവുചെയ്ത് 1998 ജനുവരി മാസത്തിലും, പഴയ പേവാർഡ് 1,32,957 രൂപ മുടക്കി 1998 മാർച്ച് മാസത്തിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ പഴയ പേവാർഡിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പേവാർഡുകൾ അനുവദിക്കുന്നതിനുള്ള ചട്ടപ്രകാരം ഇപ്രകാരമുള്ള റദ്ദാക്കൽ നടപടി സ്വീകരിക്കേണ്ടി വരുന്നുണ്ട്.

(ഡി) അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(ഇ) ദുരുപയോഗം തടയുന്നതിനായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വസ്ത്രങ്ങൾ അലക്കി കിട്ടുന്നതിന് കാലതാമസം വരുന്ന സന്ദർഭങ്ങളിൽ ബെഡ്ഷീറ്റിനും മറ്റും കുറവ് സംഭവിക്കാറുണ്ട്.

(ജി) സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) കുറഞ്ഞ ചെലവിൽ രോഗികൾക്ക് പേവാർഡുകളിൽ താമസ സൗകര്യം ഏർപ്പെടുത്തുകയാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. കൂടാതെ രോഗ പരിശോധനയ്ക്കും, ചികിത്സയ്ക്കുമുള്ള ഏതാനും സംവിധാനങ്ങൾ കൂടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയെല്ലാം സാധുരോഗികൾക്ക് സൗജന്യം അനുവദിച്ചിട്ടുണ്ട്. നിർദ്ധനരായ കാൻസർ ശിശുരോഗികൾക്ക് ഔഷധം വാങ്ങാൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് 1998-ൽ രണ്ടു ലക്ഷം രൂപ നൽകി. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററുമായി സഹകരിച്ച് റേഡിയോളജിയിൽ കോഴിക്കോട് സി.റ്റി സ്കാൻ യൂണിറ്റിൽ പഠന ഗവേഷണങ്ങൾ ഇപ്പോൾ നടത്തി വരുന്നുണ്ട്.

## സാധാരണക്കാർക്ക് ചികിത്സയ്ക്കു വേണ്ടിവരുന്ന ഭാരിച്ച ചെലവ് കുറയ്ക്കാൻ നടപടി

152 (3342) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യശാസ്ത്രരംഗത്തുണ്ടായ പുതിയ കണ്ടു പിടിത്തങ്ങളും പുതിയ ചികിത്സാ സമ്പ്രദായങ്ങളും കാരണം കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ആരോഗ്യ സംരക്ഷണത്തിന് വമ്പിച്ച സാമ്പത്തികബാധ്യത വേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly